**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **20-01-2021 - ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിലെ ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാതയോരങ്ങളിൽ വ്യാപകമായി പ്രവർത്തിക്കുന്ന ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ഭക്ഷ്യശാലകളിൽ വിൽക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; | (ബി) | ഇത്തരം ഭക്ഷണശാലകളിൽ നിന്നും ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ഒരു വർഷ കാലയളവിൽ നടത്തിയ പരിശോധനകളിൽ 74 സ്ഥാപനങ്ങൾക്കെതിരെ 1,64,000/-രൂപ (ഒരു ലക്ഷത്തി അറുപത്തിനാലായിരം രൂപ) പിഴ ഈടാക്കിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ